പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമി ടാത്ത
ചോദ്യം നമ്പർ. 1282

30.09.2011-ൽ മറുപടിയ്ക്ക്

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പുതിയ മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 8 ഇനം പ്രവൃത്തികളാണ് അനുവവദനീയമായിട്ടുള്ളത്. ഇതര മേഖലകളിൽ കൂടി തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന് താൽപ്പര്യമുണ്ട്. ഇതിന്റെ ഭാഗമായി 28-10-2009-ൽ നടന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം 49 ഇനം പ്രവൃത്തികൾ കൂടി ആക്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട തീരുമാനമെടുക്കുകയും ആയത് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി. പ്രസ്തുത പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ ഇവ നീക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ ഒഴികെ മറ്റ് പഞ്ചായത്തുകൾക്ക് മെറ്റീരിയൽ ഉപയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.